**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **11-02-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ വന്യജീവികളുടെ ആക്രമണത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ 2020-21 മുതൽ 2023-24 വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും എണ്ണം വർഷവും നിയമസഭാ മണ്ഡലവും തിരിച്ച് അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കു പറ്റിയവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ നൽകിയ സഹായങ്ങൾ സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ 2020-21 മുതൽ 2023-24 വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കു പറ്റിയവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരത്തിന്റെ വിവരം വർഷവും മണ്ഡലവും തിരിച്ച് അനുബന്ധം -2 ആയി ചേർക്കുന്നു. |
| (സി) | വന്യജീവികളുടെ ആക്രമണം മൂലം കാസർഗോഡ് ജില്ലയിൽ സംഭവിച്ച കൃഷി നാശം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അതിന്റെ നഷ്ടപരിഹാരം ഇതിനകം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലയിൽ 2020-21 മുതൽ 2024-25 (31/01/2025) വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും നഷ്ടപരിഹാരം നൽകിയിട്ടുള്ള അർഹമായ അപേക്ഷകളുടെ എണ്ണവും നഷ്ടപരിഹാരയിനത്തിൽ വിതരണം ചെയ്തിട്ടുള്ള തുകയും വർഷം തിരിച്ച് അനുബന്ധം 3 ആയി ചേർക്കുന്നു. കൃഷിനാശത്തിന് ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ തന്നെ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | വന്യജീവി ആക്രമണത്തിൽ നിന്നും നാടിനെയും നാട്ടുകാരെയും രക്ഷിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ? | (ഡി) | കാട്ടാന സാന്നിദ്ധ്യം കൂടുതലായി കാണപ്പെടുന്ന ഉദുമ, കാസർഗോഡ് മണ്ഡലങ്ങളിലെ ദേലംപാടി, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ, കാറഡുക്ക ഗ്രാമപഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റേയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റേയും, കൂടാതെ ആയതിനു കീഴിലുള്ള അഞ്ച് പഞ്ചായത്തുകളുടേയും സാമ്പത്തിക |

സഹായത്താൽ "കാറഡുക്ക ആന പ്രതിരോധ പദ്ധതി" (KAAP) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് ആദ്യമായി തയ്യാറാക്കുകയും കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തികളിൽ 29.00 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിരുന്നു. ഇതിൽ 21.8 കിലോമീറ്റർ പ്രവർത്തി 100.05 ലക്ഷം ചെലവഴിച്ച് ഇതിനോടകം പൂർത്തീകരിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നബാർഡ് RIDF Tranche XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 32.5 കിലോമീറ്റർ സോളാർ തൂക്ക് വേലി 279 ലക്ഷം രൂപ ചിലവിൽ നിർമ്മിക്കുന്നതിനും നബാർഡിന്റെ അനുമതി ഇതിനകം ലഭിക്കുകയും, ആയതിൽ അഞ്ച് കി.മീറ്റർ സോളാർ ഫെൻസിംഗ് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികളുടെ തുടർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. കൂടാതെ, പ്രവർത്തനക്ഷമത കുറവുള്ള വിവിധ വൈദ്യുതവേലികൾ "മിഷൻ സോളാർ ഫെൻസിംഗിന്റെ" ഭാഗമായി അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ കുടിവെള്ളം ലഭിക്കുന്നതിന് ജില്ലാ തലത്തിൽ "വനനീര്" എന്നുള്ള പദ്ധതി ആംഭിക്കുകയും 70-ഓളം ജലസ്രോതസ്സുകൾ ജിയോടാഗ് ചെയ്യുകയും നിലവിൽ 18-ഓളം ചെറിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

പുള്ളിപുലികൾ കാണപ്പെട്ട പഞ്ചായത്തുകളിൽ അടിയന്തിരമായി ജനജാഗ്രതാസമിതികൾ വിളിച്ചുകൂട്ടുകയും ജനങ്ങളുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി രണ്ട് കൂടുകൾ വാങ്ങുകയും ടി പ്രദേശങ്ങളിൽ നിലവിൽ കൂടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വി.എസ്.എസ്, ആർ.ആർ.ടി., പ്രദേശവാസികൾ എന്നിവരുടെ സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയും മുളിയാർ പഞ്ചായത്തിലെ വനാതിർത്തിയിലെ സ്കൂളുകളിൽ ആവശ്യമായ ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ബോവിക്കാനത്ത് പ്രവർത്തിക്കുന്ന ദ്രുതകർമ്മ സേന രാത്രിയും പകലും പ്രത്യേകമായ പെട്രോളിംഗ് നടത്തിവരികയും വനമേഖലയിലുള്ള റോഡുകളിൽ സജീവമായ ശ്രദ്ധ ചെലുത്തിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്തുവരുന്നുണ്ട്.

പുലിഭീതി നിലനിൽക്കുന്ന സ്ഥലങ്ങളിൽ

| | | | |
|---|---|---|---|
| | | | യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് രാത്രികാല നിരീക്ഷണം നടത്തിവരുന്നുണ്ട്.<br><br>വനാതിർത്തി പ്രദേശങ്ങളിൽ ജനജാഗ്രത സമിതികൾ സമയബന്ധിതമായി വിളിച്ചു ചേർക്കുകയും, വാട്ട്സാപ്പ് ഗ്രൂപ്പ് കൂട്ടായ്മകൾ രൂപീകരിച്ചും, ക്യാമറ ട്രാപ്പ്, ജി.പി.എസ്. മുതലായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും ആർ.ആർ.ടി. ഉൾപ്പെടെയുള്ള വനസംരക്ഷണ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി ജനവാസ മേഖലയിലെ വന്യമൃഗ സാന്നിദ്ധ്യം പരമാവധി ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. കാസർഗോഡ് റെയിഞ്ചിലെ വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി ഉദുമ മണ്ഡലത്തിലെ പുലിപ്പറമ്പ് ഏരിയയിൽ ഒരു വാച്ച് ടവർ, എ.ഐ. ക്യാമറ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വന്യജീവികളെ നിരീക്ഷിക്കുന്നതിനും വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു ഡ്രോൺ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 11.95 ലക്ഷം രൂപയ്ക്ക് വാങ്ങുകയും ആയതിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജില്ലാ തലത്തിൽ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണം മൂലം കൃഷി നാശം തടയുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആർ.കെ.വി.വൈ-ഹ്യൂമൺ വൈൽഡ് ലൈഫ് കോൺഫ്ലിക്ട് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുകയും ആയത് പ്രകാരം കാസറഗോഡ് മണ്ഡലത്തിലെ കാറഡുക്ക ബ്ലോക്കിലെ ബെള്ളൂർ പഞ്ചായത്തിൽ ഉദ്ദേശം 37 ലക്ഷം രൂപ ചിലവിൽ 9 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം -1</u>

| വർഷം | നിയമസഭ മണ്ഡലം | മരണപ്പെട്ടവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം |
|---|---|---|---|
| 2020-21 | ഉദുമ | 0 | 12 |
| | മഞ്ചേശ്വരം | 1 | 10 |
| | കാസർഗോഡ് | 1 | 5 |
| | കാഞ്ഞങ്ങാട് | 1 | 16 |
| | തൃക്കരിപ്പൂർ | 1 | 23 |
| 2021-22 | ഉദുമ | 1 | 11 |
| | മഞ്ചേശ്വരം | 0 | 13 |
| | കാസർഗോഡ് | 0 | 10 |
| | കാഞ്ഞങ്ങാട് | 2 | 31 |
| | തൃക്കരിപ്പൂർ | 0 | 36 |
| 2022-23 | ഉദുമ | 3 | 20 |
| | മഞ്ചേശ്വരം | 0 | 19 |
| | കാസർഗോഡ് | 1 | 15 |
| | കാഞ്ഞങ്ങാട് | 0 | 31 |
| | തൃക്കരിപ്പൂർ | 0 | 38 |
| 2023-24 | ഉദുമ | 0 | 13 |
| | മഞ്ചേശ്വരം | 3 | 14 |
| | കാസർഗോഡ് | 1 | 12 |
| | കാഞ്ഞങ്ങാട് | 2 | 20 |
| | തൃക്കരിപ്പൂർ | 3 | 41 |

<u>അനുബന്ധം -2</u>

*(തുക ലക്ഷം രൂപയിൽ)*

| വർഷം | നിയമസഭ മണ്ഡലം | മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരം | പരിക്കേറ്റവർക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരം |
|---|---|---|---|
| 2020-21 | ഉദുമ | 0.00 | 2.17 |
| | മഞ്ചേശ്വരം | 10.00 | 1.80 |
| | കാസർഗോഡ് | 10.00 | 0.90 |
| | കാഞ്ഞങ്ങാട് | 2.00 | 2.89 |
| | തൃക്കരിപ്പൂർ | 10.00 | 4.15 |
| 2021-22 | ഉദുമ | 10.00 | 2.22 |
| | മഞ്ചേശ്വരം | 0.00 | 2.61 |
| | കാസർഗോഡ് | 0.00 | 2.02 |
| | കാഞ്ഞങ്ങാട് | 12.00 | 6.18 |
| | തൃക്കരിപ്പൂർ | 0.00 | 7.17 |
| 2022-23 | ഉദുമ | 4.00 | 2.20 |
| | മഞ്ചേശ്വരം | 0.00 | 2.09 |
| | കാസർഗോഡ് | 2.00 | 1.65 |
| | കാഞ്ഞങ്ങാട് | 0.00 | 3.40 |
| | തൃക്കരിപ്പൂർ | 0.00 | 4.17 |
| 2023-24 | ഉദുമ | 0.00 | 4.87 |
| | മഞ്ചേശ്വരം | 2.00 | 5.24 |
| | കാസർഗോഡ് | 2.00 | 4.49 |
| | കാഞ്ഞങ്ങാട് | 12.00 | 7.50 |
| | തൃക്കരിപ്പൂർ | 4.00 | 15.34 |

**അനുബന്ധം -3**

| വർഷം | കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരം നൽകിയിട്ടുള്ള അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരയിനത്തിൽ വിതരണം ചെയ്തിട്ടുള്ള തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 2020-21 | 384 | 195 | 18.83 |
| 2021-22 | 217 | 112 | 6.24 |
| 2022-23 | 205 | 139 | 10.43 |
| 2023-24 | 146 | 309 (മുൻ വർഷത്തെ അപേക്ഷകൾ അടക്കം) | 27.68 |
| 2024-25 | 191 | 254 (മുൻ വർഷത്തെ അപേക്ഷകൾ അടക്കം) | 23.98 |